(ബി) സഞ്ചി നിർമ്മിക്കുന്നതിന് വേണ്ടി കയർ പിരിക്കുന്നതിന് നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടും ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡും ചേർന്ന് പരിശീലനം നൽകിവരുന്നു.

(സി) കയർബോർഡ് കേന്ദ്ര ഏജൻസിയാണ്. അതിനെക്കുറിച്ച് സംസ്ഥാന സർക്കാരിന് പറയാൻ കഴിയില്ല. എന്നാൽ സംസ്ഥാന പോതുമേഖലാ സ്ഥാപനമായ ഫോംമാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് നിലവിൽ പങ്കെടുക്കുന്ന ഫെയറുകളിൽ ടി സഞ്ചികൾ പ്രദർശിപ്പിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഒരു വീട്ടിൽ ഒരു കയറുല്പന്നം

49 (4104) ശ്രീ. പി. തിലോത്തമൻ:
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ടോ ; പ്രസ്തുത പദ്ധതി കൊണ്ടുദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) കയർ ഭൂവസ്ത്രം പൊതുമരാമത്ത് വകുപ്പിന്റെ മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അത് ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ എടുത്തു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) കയർ ഭൂവസ്ത്രം വിപണനം നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ടോ ; എങ്കിൽ ഈ വർഷം എത്ര ചതുരശ്രമീറ്റർ വിപണനം നടത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2009 ഓണക്കാലയളവിൽ ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 2010 ഓണക്കാലയളവിലും ഇത് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ പദ്ധതി പ്രകാരം കയർഫെഡ്, കയർ പൊതുമേഖലാ സ്ഥാപനങ്ങൾ, മാറ്റ്സ് ആന്റ് മാറ്റിംഗ്സ്, ചെറുകിട ഉൽപ്പാദക സംഘങ്ങൾ എന്നിവരുടെ ഉൽപ്പന്നങ്ങൾ പരമാവധി വിറ്റഴിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. ഏകദേശം 20 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ ഈ പദ്ധതി പ്രകാരം വിറ്റഴിക്കാനാണ് ഉദ്ദേശിക്കുന്നത്. ഓണക്കാലയളവിൽ സംഘടിപ്പിക്കുന്ന മെട്രോ ഫെയറുകൾ, മറ്റ് വിൽപ്പന മേളകൾ, കുടുംബശ്രീ സംവിധാനങ്ങൾ, കയർഫെഡിന്റേയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റേയും ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. ന്റെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്ന പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ മുഖാന്തിരം വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുള്ളത്. ആത്യന്തികമായി കയർ മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങളും തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനവുമാണ് ഒരു വീട്ടിൽ ഒരു കയർ ഉൽപ്പന്നം പരിപാടിയുടെ ലക്ഷ്യം.

(ബി) ബഹുമാപ്പെട്ട സഹകരണ, കയർ വകുപ്പുമന്ത്രിയുടെയും പൊതുമരമത്ത് വകുപ്പുമന്ത്രിയുടേയും നാന്നിദ്ധ്യത്തിൽ 27-1-2009-ൽ ചേർന്ന യോഗം കയർ ഭൂവസ്ത്രത്തെ പി.ഡബ്ള്യു.ഡി മാനുവലിൽ ഉൾപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തു. തുടർന്ന് നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് മാറ്റം വരുത്തി നൽകിയ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പൊതുമരാമത്ത് വകുപ്പ് പ്രസിദ്ധീകരിച്ച ഷെഡ്യൂൾ ഓഫ് റേറ്റ്സിൽ കയർ ഭൂ വസ്ത്രത്തിന്റെ വില ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

(സി) ലക്ഷ്യമിട്ടിട്ടുണ്ട്. ഏകദേശം 50 ലക്ഷം ചതുരശ്ര മീറ്റർ വിപണനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

കയർ മേഖലയുടെ സമഗ്ര പുരോഗതിക്കായുള്ള പദ്ധതികൾ

50 (4105) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കയർ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പഠിക്കുവാൻ കമ്മിറ്റിയെ നിയമിച്ച് പ്രസ്തുത കമ്മിറ്റിയുടെ ശുപാർശകൾക്ക് അനുസൃതമായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) കയർ മേഖലയുടെ സമഗ്ര പുരോഗതിക്ക് എന്തൊക്കെ പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കയർ തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

- കയർപിരി തൊഴിലാളികളുടെ ഏറ്റവും ചുരുങ്ങിയ വേതനം 150 രൂപയായി നിശ്ചയിച്ചു.

- സഹകരണ സംഘങ്ങൾ സംഘം തൊഴിലാളികൾക്ക് നൽകാനുള്ള ത്രിഫ്റ്റ്, ഷെയർ എന്നീ ബാദ്ധ്യതകൾ സർക്കാർ ഏറ്റെടുക്കുകയും സംഘം നൽകാനുള്ള തുകകൾ സർക്കാർ നൽകുകയും ചെയ്തു. 2009-10, 2010-11 വർഷങ്ങളിലായി ഏകദേശം 1.40 ലക്ഷം പേർക്ക് പ്രയോജനം ചെയ്യുന്നതിന് 967.45 ലക്ഷം രൂപ സർക്കാർ നൽകി.

LIBRARY ARCHIVES Kerala Legislative Assembly